# KSDC for CC & RC

## കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ (ക്ലിപ്തം)

**രജിസ്റ്റേർഡ് ഓഫീസ്, നാഗമ്പടം, കോട്ടയം**

(ഒരു കേരള സർക്കാർ സ്ഥാപനം)

# ഉദ്യോഗസ്ഥർക്കുള്ള വ്യക്തിഗത വായ്പാ പദ്ധതി

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ ലക്ഷ്യവിഭാഗത്തിൽപ്പെട്ട സർക്കാർ / അർദ്ധസർക്കാർ ജീവനക്കാർക്ക് അടിയന്തിര സാമ്പത്തികാവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി പ്രത്യേകം ആവിഷ്ക്കരിച്ച ഒരു പുതിയ പദ്ധതിയാണ് വ്യക്തിഗത വായ്പാ പദ്ധതി. ഈ പദ്ധതി 10-09-2013 തീയതി ചേർന്ന ഭരണ സമിതി അംഗീകരിയ്ക്കുകയും 30-04-2014 ലെ സ. ഉ. (സാധാ) നം. 43/2014/പിസവിവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി ലഭിച്ചിട്ടുള്ളതുമാണ്.

## യോഗ്യതാ മാനദണ്ഡങ്ങൾ

- പ്രായപരിധി - 20 - 50
- വരുമാനപരിധി - 10,00,000/- രൂപയിൽ അധികരിക്കരുത്
- പരമാവധി വായ്പ - 3,00,000/- രൂപ
- പലിശ നിരക്ക് - 10%
- തിരിച്ചടവ് കാലാവധി - 60 മാസം
- ഒരാളുടെ സാലറി സർട്ടിഫിക്കറ്റിന്റെ ജാമ്യത്തിൽ പരമാവധി 2,00,000/- രൂപ അനുവദിക്കുന്നതാണ്.
  മിച്ചശമ്പളം 10,000 ൽ കൂടുതൽ ഉള്ളവർക്ക് 1 ലക്ഷം , 15,000 കൂടുതൽ ഉള്ളവർക്ക് 1. 5 ലക്ഷം,
  20000 കൂടുതൽ ഉള്ളവർക്ക് 2 ലക്ഷം
- അപേക്ഷകന്റെ ഫോട്ടോ ഒരു ഗസറ്റഡ് ഓഫീസർ തന്റെ പദവി, ഓഫീസ് മുദ്ര എന്നിവയടക്കം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാകുന്നു.
- അപേക്ഷകൻ സ്ഥിരം സർക്കാർ/പൊതുമേഖലാ ജീവനക്കാരനും അപേക്ഷ സമർപ്പിക്കുന്ന തീയതിയ്ക്ക് പ്രൊബേഷൻ കാലയളവ് പൂർത്തീകരിച്ച് സ്ഥിരപ്പെടുത്തിയിട്ടുണ്ടായിരിക്കണം.
- 2 ലക്ഷം രൂപയിൽ കൂടുതൽ ആവശ്യമുള്ളവർ അപേക്ഷകന്റെ സ്വന്തം ജാമ്യത്തിനുപുറമേ മറ്റൊരു സർക്കാർ ജീവനക്കാരന്റെ ജാമ്യം/ വസ്തുജാമ്യം, അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

## ഹാജരാക്കേണ്ട രേഖകൾ

- നിർദ്ദിഷ്ട അപേക്ഷ ഫോമിൽ ജാതി/മത/വരുമാന സർട്ടിഫിക്കറ്റ്
- അപേക്ഷകന്റെയും ജാമ്യക്കാരന്റെയും ആധാർ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
- റേഷൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
- ജനന തീയതി തെളിയിക്കുന്നതിന് എസ്. എസ്. എൽ. സി. ബുക്ക്/പാസ്പോർട്ട്/ഡ്രൈവിംഗ് ലൈസൻസ് / സ്കൂൾ അഡ്മിഷൻ രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (ഇവയിൽ ഏതെങ്കിലും ഒന്നിന്റേത്)

## എഗ്രിമെന്റ്

- 100/- രൂപ പത്രത്തിൽ - ജാമ്യക്കടപ്പത്രം എഴുതി കോർപ്പറേഷന് സമർപ്പിക്കേണ്ടതാണ്.
- വസ്തു ജാമ്യമാണെങ്കിൽ, എഗ്രിമെന്റ് തീയതിവരെയുള്ള ബാദ്ധ്യതാ സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കിയതിനുശേഷം തുക അനുവദിക്കുന്നതാണ്.

N.B. :

1. മുകളിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ നിബന്ധനകളും പാലിച്ച് സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.
2. അപേക്ഷ നൽകേണ്ടത് അപേക്ഷകൻ / അപേക്ഷക നേരിട്ടായിരിക്കണം. അന്നേ ദിവസം തന്നെ കൂടിക്കാഴ്ച നടത്തി വായ്പാ നടപടികൾ സ്വീകരിക്കുന്നതായിരിക്കും